പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.325 — 26.02.2018 ൽ മറുപടിയ്ക്ക്

## അവശ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) 28 ഇനം അവശ്യ വസ്തുക്കൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് സപ്ലൈകോയിൽ വിൽക്കുന്നുണ്ടെങ്കിലും സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില കുത്തനെ വർദ്ധിച്ച് സാധാരണക്കാരുടെ ജീവിതം ദുരിതപൂർണ്ണമായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) അരിയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുവാൻ വിപണിയിടപെടൽ പദ്ധതി വഴി സർക്കാരിന് സാധിച്ചിട്ടുണ്ട്. |
| (ബി) അവശ്യസാധനവില നിയന്ത്രണമില്ലാതെ വർദ്ധിക്കുന്നത് സപ്ലൈകോയുടെ വിപണി ഇടപെടൽ ഫലപ്രദമല്ലാത്തതിനാലാണെന്ന ആക്ഷേപമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) അരി പൂഴ്ത്തി വച്ച് കരിഞ്ചന്തയിൽ വിൽക്കുന്നവർക്കെതിരെ 1955 ലെ അവശ്യസാധന നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ ക്രിസ്തുമസ് കാലത്ത് എത്ര വ്യാപാരികൾക്കെതിരെ നടപടി സ്വീകരിച്ചു; | (സി) കോട്ടയം ജില്ലയിലെ ഒരു വ്യാപാരിക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രാപ്രദേശ് സിവിൽ | (ഡി) ഉണ്ട്. കഴിഞ്ഞ ഓണക്കാലത്ത് 5165 മെ. ടൺ അരി ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് |

| | | |
|---|---|---|
| | സപ്ലൈസ് കോർപ്പറേഷൻ വഴി മില്ലുകളിൽ നിന്നും നേരിട്ട് അരി വാങ്ങി വിപണിയിൽ ലഭ്യമാക്കു മെന്ന പ്രഖ്യാപനം പ്രാവർത്തിക മാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | കോർപ്പറേഷൻ വഴി മില്ലുകളിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. |
| (ഇ) | സപ്ലൈകോയ്ക്ക് 2017-18 ൽ വിപണി (ഇ) ഇടപെടലിന് എത്ര കോടി രൂപയാണ് അനുവദിച്ചത്; പ്രസ്തുത തുകയേക്കാൾ 100 കോടി രൂപ 2018-19 കാലയളവിലേക്ക് അനുവദിക്കുവാനുണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കുമോ? | 2017-18 സാമ്പത്തിക വർഷം വിപണി ഇടപെടലിനായി 200 കോടി രൂപ അനുവദിക്കുകയും 2018–19 കാലയളവിൽ 150 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഈ തുക ഉയർത്തി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ